**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6529** **11-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റോഡുകളിൽ രൂപപ്പെട്ട കുഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്** **(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ രൂപപ്പെട്ട കുഴികൾ റോഡിനെ ഗതാഗത യോഗ്യമല്ലാതാക്കിയതിനാൽ അപകടങ്ങൾ ആവർത്തിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം റോഡുകളിലെ കുഴികളിൽ വീണ് പരിക്കേറ്റതും മരണം സംഭവിച്ചതുമായ എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇപ്രകാരം അപകടം സംഭവിച്ചവർക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | കരാർ കാലാവധി തീരുന്നതിനു മുൻപ് റോഡുകൾ തകരാറിലായ സംഭവങ്ങളിൽ കരാറുകാർക്കെതിരെയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളിൽ ഏതൊക്കെ കരാറുകാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കരാറുകാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അപകടം സംഭവിച്ചവർക്ക് കരാറുകാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അപകടം സംഭവിച്ചവർക്ക് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കരാറുകാരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല. പ്രവൃത്തി നടപ്പിലാക്കുന്ന സമയത്ത് വേണ്ട സുരക്ഷ ക്രമീകരണം ഏർപ്പെടുത്തേണ്ട ഉത്തരവാദിത്തം SBD നിബന്ധന പ്രകാരം കരാറുകാരന്റേതാണ്. എന്നാൽ അപകടത്തിന് കാരണക്കാരൻ കരാറുകരനാണെങ്കിൽ കരാറുകാരനിൽ നിന്ന് വകുപ്പ് വഴി നഷ്ടപരിഹാരം ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ